**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3566 17.10.2011 -ൽ മറുപടിക്ക്**

പാലക്കാട് ജില്ലയിലെ എലിപ്പനിമൂലമുള്ള മരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | | ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി | |
| (എ) | ഈ വർഷം പാലക്കാട് ജില്ലയിലെ വിവിധ ആശുപത്രികളിൽ എലിപ്പനി ബാധിച്ച് എത്ര പേരാണ് ചികിത്സയ്ക്കായി എത്തിയത്; | (എ) | പാലക്കാട് ജില്ലയിൽ എലിപ്പനി യാണെന്ന് രോഗലക്ഷണങ്ങൾ കണ്ട് സംശയത്തിന്റെ അടിസ്ഥാനത്തിൽ മരുന്ന് നൽകിയത് 85 പേർക്കാണ്. ലാബിൽ ടെസ്റ്റ് ചെയ്ത് എലിപ്പനിയാണെന്ന് സ്ഥിരീകരിച്ചത് 18 പേർക്കാണ്. (2011 ഒക്ടോബർ 8 തീയതിവരെയുള്ള കണക്കുകൾ) |
| (ബി) | അതിൽ എത്രപേർ മരണപ്പെട്ടു എന്ന് വ്യക്തമാക്കാമോ; | (ബി) | എലിപ്പനിയെന്ന് സംശയിക്കപ്പെട്ട് മരണമടഞ്ഞവർ – 07 പേർ<br>എലിപ്പനി സ്ഥിരീകരിച്ച് മരണമടഞ്ഞവർ _ 03 പേർ<br>(2011 ഒക്ടോബർ 8 തീയതി വരെയുള്ള കണക്കുകൾ) |
| (സി) | എലിപ്പനി തടയുന്നതിൻ എന്തെല്ലാം നടപടികളാണ് ജില്ലയിൽ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (സി) | ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ എല്ലാ വകുപ്പുമേധാവികളെയും വിളിച്ച് ചേർത്ത് 19.09.2011-ന് യോഗം കൂടി . യോഗത്തിൽ വിവിധ വകുപ്പുകൾ ചെയ്യേണ്ട കാര്യങ്ങളെ സംബന്ധിച്ച് വിശദീകരിച്ചു. ഡയറക്ടർ ഓഫ് പഞ്ചായത്ത് വാർഡ് സാനിറ്റേഷൻ മുഖേന എല്ലാ പഞ്ചായത്തുകളിലും ശുചീകരണ പ്രവർത്തനം, ക്ലോറിനേഷൻ മുതലായവ നടത്താൻ യോഗത്തിൽ തീരുമാനിച്ചു. കൃഷി വകുപ്പ് ജില്ലാ മേധാവിയോട് എലി നശീകരണം നടത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകി. സംസ്ഥാന ശുചിത്വ മിഷൻ മാലിന്യ നിർമ്മാർജ്ജനം |

| | | | |
|---|---|---|---|
| | | | നടത്തേണ്ടതിനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകി. സ്കൂളുകളിൽ ബോധവത്ക്കരണം, എലിപ്പനിയ്ക്കെതിരെ പ്രതിജ്ഞ എന്നിവ നടത്താൻ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷന് നിർദ്ദേശം നൽകി.<br>എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും എലിപ്പനിയ്ക്കെതിരെയുള്ള മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്.<br>എലിപ്പനി കണ്ടുപിടിക്കാനുള്ള സംവിധാനം (ടെസ്റ്റ് കിറ്റ്) എല്ലാ ബ്ലോക്ക് പി.എച്ച്.സി.കളിലും ഉണ്ടെന്ന് ഉറപ്പു വരുത്തിയിട്ടുണ്ട്. എലിപ്പനിയ്ക്കെതിരെ ജാഗ്രതാ നിർദ്ദേശങ്ങൾ പത്രമാധ്യമങ്ങളിൽ കൂടെ നൽകിയിട്ടുണ്ട്. എല്ലാ ആരോഗ്യ പ്രവർത്തകരോടും, ആശാവർക്കർമാരോടും ക്ലോറിനേഷൻ, ഐ.ഇ.സി. പ്രവർത്തനം ഊർജ്ജിതമാക്കാൻ യോഗത്തിൽ തീരുമാനിച്ചു. ജില്ലാ താലൂക്ക് തല ആർ.ആർ.ടി.(Rapid Response Team) ഊർജ്ജിതപ്പെടുത്താനും എലിപ്പനിയ്ക്കെതിരെ ജാഗ്രതരായിരിക്കാനും ജനങ്ങളിൽ ബോധവത്ക്കരണം നടത്താനും തീരുമാനിച്ചു. എല്ലാവിധ രോഗ നിയന്ത്രണ പ്രവർത്തനങ്ങളും നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ